**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6327** **10-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം സർക്യൂട്ട് മാമ്പലിൽ ഉൾപ്പെടാത്ത വടക്കേ മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം സർക്യൂട്ട് മാമ്പലിൽ വടക്കേ മലബാറിലെ പല പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളും ഉൾപ്പെടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം അന്തർദേശീയ ടൂർ ഓപ്പറേറ്റർമാർ വടക്കൻ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ അയയ്ക്കാത്തത് പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങൾകൂടി മാമ്പലിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | മലബാർ ടൂറിസം വികസനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ തലശ്ശേരി ഹെറിറ്റേജ് പദ്ധതി, മലനാട് നോർത്ത് മലബാർ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ഇതുകൂടാതെ വിവിധ ഡെസ്റ്റിനേഷനുകളായ മീൻകുഴി, കാടാമ്പള്ളി, പയ്യാമ്പലം ചൂടാട്ട് ബീച്ച്, ആറളം ഏഴരക്കുണ്ട് തുടങ്ങിയ ഇടങ്ങളിൽ വിവിധ പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടൂറിസം പ്രചരണത്തിന്റെ ഭാഗമായി നോർത്ത് മലബാറിനെക്കുറിച്ചുള്ള ലഘുലേഖയും മലബാർ എന്ന കോഫീ ടേബിൾ ബുക്കും വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. പുതിയ ടൂറിസം കേന്ദ്രങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതും പുതുതായി നിർമ്മിക്കുന്ന ലഘുലേഖകൾ ഉൾക്കൊള്ളിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ